"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് -"JJM-WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths & Chengannur Municipality- Pandanad Panchayath- Supplying and laying Clear Water Gravity main from Puliyoor block Jn. to Pandanad OHSR 250mm DI K9-4600m Construction of 8.00LL OHSR (R9) at Pandanad And Supplying and Laying Distribution system Pandanad Panchayath Zone 12 - Pipeline Work" എന്ന ജൽ ജീവൻ മിഷൻ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.13/2026/WRD തീയതി,തിരുവനന്തപുരം, 14-02-2026

---

പരാമർശം:-
1. സ.ഉ (പി) നം. 375/2015/ധന തീയതി 24.08.2015.
2. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.
3. സ.ഉ (സാധ) നം. 897/2023/ജ.വി.വ തീയതി 26.10.2023.
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 06.01.2025, 18.12.2025 തീയതികളിലെ KWA-JB/368/2024/AEE6 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

"ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകളിലേയ്ക്കും, ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലേയ്ക്കുമുള്ള ജലവിതരണ പദ്ധതി"- യ്ക്ക് ജല ജീവൻ മിഷന്റെ കീഴിൽ പരാമർശം (3) പ്രകാരം 206 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. "JJM-WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths & Chengannur Municipality- Pandanad Panchayath- Supplying and laying Clear Water Gravity main from Puliyoor block Jn. to Pandanad OHSR 250mm DI K9-4600m Construction of 8.00LL OHSR (R9) at Pandanad And Supplying and Laying Distribution system Pandanad Panchayath Zone 12 - Pipeline Work" എന്ന പ്രവൃത്തിയ്ക്ക് കേരള വാട്ടർ അതോറിറ്റി 30.80 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയ്ക്ക് ആദ്യം ക്ഷണിച്ച ദർഘാസ്, ആരും പങ്കെടുക്കാത്തതിനെ തുടർന്ന് റദ്ദാക്കുകയുണ്ടായി. പുന:ദർഘാസിൽ ലഭിച്ച ഏക ദർഘാസ് TPAC യേക്കാൾ 19.15% കൂടുതലായതിനാൽ, ഉയർന്ന ക്വാട്ട് നിരക്കുകൾ നിലവിലെ SoR+10% നുള്ളിൽ കൊണ്ടുവരുന്നതിനായി ബിഡ്ഡറുമായി ചർച്ച നടത്താനും, അല്ലാത്തപക്ഷം എസ്റ്റിമേറ്റ് പുനർനിർമ്മിക്കാനും സർക്കാർ കേരള വാട്ടർ അതോറിറ്റിയോട് നിർദ്ദേശിച്ചു.

2) തുടർന്ന് പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുനർനിർണയിക്കുകയും 31.25 കോടി രൂപയ്ക്ക് 26.07.2024 - ന് കേരള വാട്ടർ അതോറിറ്റി പുതിയ സാങ്കേതിക അനുമതി നൽകുകയും ചെയ്തു. 26,48,26,128/- രൂപ TPAC ആയി ക്ഷണിച്ച ആദ്യ ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ റദ്ദാക്കുകയും, പുന:ദർഘാസ് ക്ഷണിക്കുകയുമുണ്ടായി. പുന:ദർഘാസിൽ "Sri. Joseph John, Monipillil House, Avoli. P.O, Anicadu, Muvattupuzha" എന്ന കരാറുകാരനിൽ നിന്നും ഒരു

ഓഫർ ലഭിച്ചു.

3) പ്രസ്തുത കരാറുകാരൻ ക്വാട്ട് ചെയ്ത 33,97,79,364.59/- രൂപ ദർഘാസ് തുകയായ 26,48,26,128/- രൂപയേക്കാൾ 28.30% കൂടുതലായിരുന്നു എന്നും, ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുന്നതിനായി ടെൻഡറിംഗ് അതോറിറ്റി സിംഗിൾ ബിഡ്ഡറുമായി negotiation നടത്തിയപ്പോൾ, ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ തയ്യാറല്ലെന്ന് അറിയിച്ചുവെന്നും പരാമർശം (4) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ടു ചെയ്യുകയുണ്ടായി.

4) പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയും Current DsoR+10% നിരക്കുമായ 29,13,08,740/- രൂപയ്ക്കു മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ.

5) നിലവിൽ പാണ്ടനാട് പഞ്ചായത്തിൽ ആവശ്യത്തിന് ജലവിതരണം ഇല്ലാത്തതിനാൽ ഈ പ്രവൃത്തിയിലൂടെ മാത്രമേ ജലവിതരണം നടപ്പിലാക്കാൻ കഴിയൂ എന്നും, ഈ സാഹചര്യത്തിൽ പ്രസ്തുത സിംഗിൾ ബിഡ്ഡർക്ക് അദ്ദേഹം ക്വാട്ട് ചെയ്തതും TPAC യേക്കാൾ 28.3% അധികരിച്ചതുമായ 33,97,79,364.59/- രൂപയ്ക്ക് പ്രസ്തുത ടെൻഡർ അനുവദിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 2023-ൽ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും ഇതുവരെ പദ്ധതി പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ലായെന്നും, ആദ്യടെണ്ടർ റദ്ദ് ചെയ്ത് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വീണ്ടും അനവധി പ്രാവശ്യം ടെണ്ടർ ചെയ്യേണ്ടി വന്നുവെന്നും, ഇപ്പോൾ ലഭിച്ചിരിക്കുന്ന ടെണ്ടർ എസ്റ്റിമേറ്റിൽ നിന്നും 28 ശതമാനം മാത്രമേ കൂടിയിട്ടുള്ളൂവെന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി. കൂടാതെ യഥാർത്ഥ മാർക്കറ്റ് റേറ്റ് തുകയും ടോളറൻസ് ലിമിറ്റും തമ്മിൽ വ്യത്യാസം കാണുന്നില്ല എന്നതിൽ നിന്നും പ്രൈസ് സംവിധാനത്തിൽ മാർക്കറ്റ് നിരക്കുകൾ രേഖപ്പെടുത്തുന്നതിൽ അപാകത ഉണ്ടെന്നും കാണുന്നു. കേന്ദ്ര സർക്കാർ 2028 വരെ പദ്ധതി ദീർഘിപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള രേഖകൾ ഉടനെ തന്നെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ ടെണ്ടർ നടപടി അകാരണമായി നീട്ടിവയ്ക്കുന്നത് ചെലവ് കൂടുന്നതിനും പ്രവൃത്തികൾ താമസിക്കുന്നതിനും മാത്രമേ കാരണമാകൂ എന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

7) പ്രസ്തുത സാഹചര്യത്തിൽ "JJM-WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths & Chengannur Municipality- Pandanad Panchayath-Supplying and laying Clear Water Gravity main from Puliyoor block Jn. to Pandanad OHSR 250mm DI K9-4600m Construction of 8.00LL OHSR (R9) at Pandanad And Supplying and Laying Distribution system Pandanad Panchayath Zone 12 - Pipeline Work" എന്ന പ്രവൃത്തിയ്ക്ക് "Sri. Joseph John, Monipillil House, Avoli. P.O, Anicadu, Muvattupuzha, Ernakulam" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ഏക ദർഘാസ് Tendered PAC യേക്കാൾ 28.30% അധികരിച്ച തുകയായ 33,97,79,364.59/- രൂപയ്ക്ക് (മുപ്പത്തിമൂന്ന് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരത്തി മുന്നൂറ്റി അറുപത്തിനാല് രൂപ അമ്പത്തിയൊമ്പത് പൈസ മാത്രം) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് (3651-ലെ ഇനം. പ്രകാരം).
4. ധനകാര്യ വകുപ്പ് (ഫയൽ നം. പി.യു- സി1/44/2025-ധന).
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Smitha T L
Date: 17-02-2026 12:04:49

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്- ന്

ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്-ന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-02-2026

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി1/12/2025/ജവിവ. ഇനം നം: 3651

വിഷയം : ജലവിഭവ വകുപ്പ് - "JJM-WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths & Chengannur Municipality - Pandanad Panchayath - Supplying and laying Clear Water Gravity main from Puliyoor block Jn. to Pandanad OHSR 250mm DI K9-4600m Construction of 8.00 LL OHSR (R9) at Pandanad and Supplying and Laying Distribution system Pandanad Panchayath Zone 12 - Pipeline Work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC-യേക്കാൾ 28.30% അധികരിച്ച 33,97,79,364.59/- രൂപയ്ക്ക് ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (A) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

3651

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യൂ. എസ്- ബി1/12/2025-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | "JJM-WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths & Chengannur Municipality- Pandanad Panchayath- Supplying and laying Clear Water Gravity main from Puliyoor block Jn. to Pandanad OHSR 250mm DI K9-4600m Construction of 8.00LL OHSR (R9) at Pandanad And Supplying and Laying Distribution system Pandanad Panchayath Zone 12 - Pipeline Work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 28.30% അധികരിച്ച 33,97,79,364.59/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/10/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/02/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08/02/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 09/02/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 10/02/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

"JJM-WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths & Chengannur Municipality- Pandanad Panchayath-Supplying and laying Clear Water Gravity main from Puliyoor block Jn. to Pandanad OHSR 250mm Dl K9-4600m Construction of 8.00LL OHSR (R9) at Pandanad And Supplying and Laying Distribution system Pandanad Panchayath Zone 12 - Pipeline Work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 28.30% അധികരിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. "ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകളിലേയ്ക്കും, ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലേയ്ക്കുമുള്ള ജലവിതരണ പദ്ധതി"-യ്ക്ക് ജല ജീവൻ മിഷന്റെ കീഴിൽ 26.10.2023 തീയതിയിലെ സ.ഉ (സാധാ) നം. 897/2023/ജ.വി.വ പ്രകാരം 206 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പാക്കേജ് പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി 30.80 കോടി രൂപയുടെ സാങ്കേതിക അനുമതി 04.11.2023- ൽ നൽകുകയുണ്ടായി.

3. പ്രസ്തുത പ്രവൃത്തിയ്ക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്. സർക്കിൾ, ആലപ്പുഴ 26,10,01,997/- രൂപ TPAC ആയി ദർഘാസ് ക്ഷണിച്ചെങ്കിലും, ആരും പങ്കെടുക്കാത്തതിനെ തുടർന്ന് പ്രസ്തുത ദർഘാസ് റദ്ദാക്കുകയാണുണ്ടായത്. വ്യാപകമായ പ്രചാരണത്തോടെ പുനഃദർഘാസ് ക്ഷണിച്ചപ്പോൾ "Sri. Joseph John, Monipillil House, Avoli. P.O, Anicadu, Muvattupuzha" എന്ന കരാറുകാരനിൽ നിന്നും ഒരു ഓഫർ ലഭിച്ചു. സിംഗിൾ ബിഡ്ഡർ ക്വാട്ട് തുക TPAC യേക്കാൾ 19.15% കൂടുതലായതിനാൽ, ഉയർന്ന ക്വാട്ട് നിരക്കുകൾ നിലവിലെ SoR+10% നുള്ളിൽ കൊണ്ടുവരുന്നതിനായി ബിഡ്ഡറുമായി വീണ്ടും ചർച്ച നടത്താൻ സർക്കാർ കേരള വാട്ടർ അതോറിറ്റിയോട് നിർദ്ദേശിച്ചു. അല്ലാത്തപക്ഷം, ടെൻഡറുകൾ തിരിച്ചുവിളിക്കാനും സ്ഥലത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് എസ്റ്റിമേറ്റ് പുനർനിർമ്മിക്കാനും സർക്കാർ കേരള വാട്ടർ അതോറിറ്റിയോട് നിർദ്ദേശിച്ചു.

4. തുടർന്ന് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുനർനിർമ്മിക്കുകയും 31.25 കോടി രൂപയ്ക്ക് 26.07.2024 - ന് പുതിയ സാങ്കേതിക അനുമതി നൽകുകയും ചെയ്തു. പ്രസ്തുത പ്രവർത്തിയ്ക്ക് 26,48,26,128/- രൂപ TPAC ആയി ദർഘാസ് ക്ഷണിച്ചെങ്കിലും, ആരും

പങ്കെടുക്കാത്തതിനെ തുർന്ന് ദർഘാസ് റദ്ദാക്കുകയുണ്ടായി. രണ്ടാമത് ക്ഷണിച്ച ദർഘാസിൽ "Sri. Joseph John, Monipillil House, Avoli. P.O, Anicadu, Muvattupuzha"- ൽ നിന്നും ഒരു ഓഫർ ലഭിച്ചു. പ്രസ്തുത bidder എൻ.ഐ.റ്റി നിശ്ചയിച്ചിട്ടുള്ള സാങ്കേതികവും സാമ്പത്തികവുമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതിനാൽ 26.09.2024-ന് ചേർന്ന ടെണ്ടർ കമ്മിറ്റി പ്രസ്തുത സിംഗിൾ ബിഡ്ഡറെ പ്രീ-ക്വാളിഫൈ ചെയ്യുകയുണ്ടായി.

5. Sri. Joseph John, Monippallil House, Avoli P.O, Anicadu, Muvattupuzha, Ernakulam ക്വാട്ട് ചെയ്ത തുക TPAC ആയ 26,48,26,128/- രൂപയേക്കാൾ 28.30% അധികരിച്ച 33,97,79,364.59/- രൂപയാണ്. ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുന്നതിനായി ടെൻഡറിംഗ് അതോറിറ്റി സിംഗിൾ ബിഡ്ഡറുമായി negotiation നടത്തിയപ്പോൾ, ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ തയ്യാറല്ലെന്ന് അറിയിച്ചു. DI പൈപ്പുകളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാലും, ആയത് 30% വർദ്ധിച്ചതിനാലും, താൻ ക്വാട്ട് നിരക്കുകൾ ന്യായമാണെന്നും നിലവിലെ വിപണി സാഹചര്യങ്ങളെ പ്രതിഫലിപ്പിക്കുന്നതാണെന്നും ബിഡ്ഡർ പറയുന്നു. മറ്റ് ജില്ലകളിൽ നിന്ന് എം-സാൻഡ്, മെറ്റൽ തുടങ്ങിയ വസ്തുക്കൾ കൊണ്ടുവരുന്നത് ഗതാഗത ചെലവ് ഇരട്ടിയാക്കുമെന്നും, കൂടാതെ 8LL OHSR ന് ആവശ്യമായ പൈലിംഗ് ഗണ്യമായ ചെലവ് വർദ്ധനയുണ്ടാകുമെന്നും ബിഡ്ഡർ അറിയിച്ചു.

6. ഓരോ ഉദ്ധരിച്ച നിരക്കും അനുബന്ധ എസ്റ്റിമേറ്റ് നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ, 216 ഇനങ്ങൾ അനുബന്ധ ഇനങ്ങളുടെ എസ്റ്റിമേറ്റ് നിരക്കിന്റെ 10% കവിഞ്ഞതായി കണ്ടെത്തിയതായും, അതിൽ 189 ഇനങ്ങൾ എസ്റ്റിമേറ്റിന്റെ 25% കവിഞ്ഞതായും, അവയിൽ ഒരു ഇനം അനുബന്ധ ഇനങ്ങളുടെ എസ്റ്റിമേറ്റ് നിരക്കിന്റെ 100% കവിഞ്ഞതായും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

ടെൻഡർ കമ്മിറ്റി, ടെൻഡർ വിശദമായി വിലയിരുത്തുകയും താഴെപ്പറയുന്ന കാര്യങ്ങൾ നിരീക്ഷിക്കുകയും ചെയ്തു.

| Details | Amount | Comparison with TPAC |
|---|---|---|
| LMR PAC corresponding to TPAC | Rs. 29,93,97,286/- | 13.05% above the TPAC (LMR Place- Mavelikkara & Chengannur- LMR as on 29.08.2024 (Generated from PRICE-3) |

| | | |
|---|---|---|
| Quoted amount | Rs.33,97,79,364.59/- | 28.30% above TPAC |
| Current SoR + 10% | Rs. 29,13,08,740/- | 10% above TPAC |

7. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയും, Current DSoR+10% നിരക്കമായ 29,13,08,740/- രൂപയ്ക്ക് മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ.

8. ലേലക്കാരൻ തന്റെ ക്വാട്ടഡ് നിരക്ക് കുറയ്ക്കാൻ തയ്യാറല്ല എന്നാണ് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തത്. നിലവിൽ പാണ്ടനാട് പഞ്ചായത്തിൽ ആവശ്യത്തിന് ജലവിതരണം ഇല്ലാത്തതിനാൽ ഈ പ്രവൃത്തിയിലൂടെ മാത്രമേ ജലവിതരണം നടപ്പിലാക്കാൻ കഴിയൂ എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പ്രസ്തുത സിംഗിൾ ബിഡ്ഡർക്ക് അദ്ദേഹം ക്വാട്ട് ചെയ്തതും TPAC യായ 26,48,26,128/- രൂപയേക്കാൾ 28.3% അധികരിച്ചതുമായ 33,97,79,364.59/- രൂപയ്ക്ക് പ്രസ്തുത ടെൻഡർ അനുവദിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തു.

9. 24.08.2015-ലെ സ. ഉ (പി) നം. 375/15/ധന പ്രകാരം ഉത്തരവ് പ്രകാരം അധിക തുകയ്ക്ക് ടെണ്ടറുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്രകാരമാണ്:

*"Normally no tender excess above 10% of estimated PAC will be allowed. If the lowest tender received exceeds 10% of the estimated cost, all such works shall be re- tendered under normal circumstances. However, if the Heads of Departments feel that some works exceeding 10% of PAC are to be urgently executed in the exigency of public service, then all such works shall be sanctioned at Government level with the concurrence of Finance Department. The Head of Department shall exercise due diligence in recommending each such proposal and should personally evaluate the circumstances that warrants such special considerations and submit a detailed justification for the acceptance of each such proposals"*

10. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയുന്നു:

"AD file is returned with following information:

**I) Observations:**

1) The major items which contribute to the project cost which are quoted abnormally high are Supply of DI K9 Pipe, TMT reinforcement work, M25 concrete up to FL-5 level, laying of U-PVC Class-2, Supply of PVC pipe is

quoted 38% to 50% above estimate rate. The Earth work for trench in soil / ordinary rock item is also quoted high in the range of 38%.

2) Thus, the rate quoted for appendixes Supplying and laying Clear Water Gravity main are 38% above estimate amount, Cost of Materials appendixes is 50% above estimate rate, Construction of 8.00LL OHSR (R9) at Pandanad is quoted 42% above estimate rate, Supplying and Laying Distribution system Pandanad panchayath is quoted 44% etc.

3) The road restoration works for LSGD & PWD which contribute 26% and 14.21% of the total project cost are quoted relatively low rate with overall quoted tender excess of these appendixes are 11.58% above and 7.47% below estimate rate respectively. Thus, the high rate quoted for cost of 'materials contributed to high overall quoting

4) When the sequence of quoting of tender is analysed, in the 2" tender 19.15% above estimate rate was quoted which was rejected and then estimate was recast / revised to Rs. 2648.26 lakhs (an increase of Rs. 38.24 lakhs) and in this current 4th tender 28.30% above estimate rate was quoted. Thus, it is observed that as the time goes on, the cost of execution of the work is increasing.

5) Thus, it can be concluded as follows:

a Estimate PAC of the work – Rs. 2648.26 lakhs.

b. Quoted PAC of the work – Rs. 3397.79 lakhs (+28.30%)

c. Max allowable (Current DSR+10%) - Rs. 2913.09 lakhs (+10.00%)

d. LMR amount – Rs. 2993.97 lakhs (+13.05%)

Thus, the quoted tender excess of 28.30% above estimate rate for the work and is more than the delegated power of CE as per G.O.(P) No. 54/2019/Fin. Dated 04/05/2019 and is more than LMR amount.

**II) Recommendation**

In view of the above, AD is advised to further negotiate with the contractor to bring the tender within levels of acceptance as per GOs in force

**OR alternately,**

if the contractor is unwilling to reduce the rate and AD feels that no better offer is expected even on recall of tenders and considering that, the work is tendered

4 times and more than 1 year have elapsed after the TS , AD is advised to submit the tender excess proposal of the work "Jala Jeevan Mission (JIM)-WSS to Ala, Puliyoor; Budhanoor; Pandanad, Mulakkuzha, Venmony Panchayaths & Chengannur Municipality- Pandanad Panchayath- Supplying and laying Clear Water Gravity main from Puliyoor block Junction to Pandanad OHSR 250mm DI K9-4600m; Construction of 8.00LL OHSR (R9) at Pandanad and Supplying and Laying Distribution system Pandanad panchayath Zone 12-Pipeline Work", for a quoted PAC of Rs. 3397.79 lakhs which is 28.30% above estimate /tender PAC of 2648.26 lakhs to the Council of Ministers for approval along with valid justifications after making sincere efforts to bring down the rates to LMR amount.

This has the approval of Hon'ble M(Fin)"

11. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന ജല-ശുചിത്വ മിഷന്റെ അപെക്സ് കമ്മിറ്റിയുടെ മുമ്പാകെ ഈ വിഷയം അവതരിപ്പിക്കാൻ ഭരണ വകുപ്പ് തീരുമാനിച്ചു. 09.07.2025 ന് നടന്ന SWSM ന്റെ അപെക്സ് കമ്മിറ്റി പ്രസ്തുത ടെൻഡർ പരിഗണിക്കുകയും താഴെപ്പറയുന്ന രീതിയിൽ തീരുമാനിക്കുകയും ചെയ്തു.

*"Since the Govt.of India has not officially communicated the extension of the JJM Mission Period and also not issued the new guidelines for JIM, the approval of new tenders can be kept in abeyance and can be considered after approval of the Mission period extension and issuance of new guidelines by GoI"*

12. ബഹു. ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"ബഹുമാനപ്പെട്ട സാംസ്കാരിക മന്ത്രിയുടെ മണ്ഡലത്തിലെ പ്രവൃത്തിയാണിത്. 2023-ൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഇതുവരെ പദ്ധതി പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ആദ്യടെണ്ടർ ക്യാൻസൽ ചെയ്ത് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വീണ്ടും അനവധി പ്രാവശ്യം ടെണ്ടർ ചെയ്യേണ്ടി വന്നു. ഇപ്പോൾ ലഭിച്ചിരിക്കുന്ന ടെണ്ടർ എസ്റ്റിമേറ്റിൽ നിന്നും 28 ശതമാനം മാത്രമേ കൂടിയിട്ടുള്ളൂ. കൂടാതെ യഥാർത്ഥ മാർക്കറ്റ് റേറ്റ് തുകയും ടോളറൻസ് ലിമിറ്റും തമ്മിൽ വ്യത്യാസം കാണുന്നില്ല എന്നതിൽ നിന്നും പ്രൈസ് സംവിധാനത്തിൽ മാർക്കറ്റ് നിരക്കുകൾ രേഖപ്പെടുത്തുന്നതിൽ അപാകത ഉണ്ടെന്നും കാണുന്നു. കേന്ദ്ര സർക്കാർ 2028 വരെ

പദ്ധതി ദീർഘിപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള രേഖകൾ ഉടനെ തന്നെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ ടെണ്ടർ നടപടി അകാരണമായി നീട്ടിവയ്ക്കുന്നത് ചെലവ് കൂടുന്നതിനും പ്രവൃത്തികൾ താമസിക്കുന്നതിനും മാത്രമേ കാരണമാകും എന്നതിനാൽ ധനവകുപ്പ് കൂടി അഭിപ്രായപ്പെട്ട പ്രകാരം ഈ കേസ് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും"

13. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

14. കരട് മന്ത്രിസഭാ കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ, 206 കോടി രൂപയ്ക്കാണ് പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതെങ്കിലും, 31.25 കോടി രൂപയ്ക്ക് മാത്രമേ സാങ്കേതിക അനുമതി നൽകിയിട്ടുള്ളൂ എന്ന വസ്തുതയെക്കുറിച്ചുള്ള വിശദീകരണവും, ക്വാട്ട് ചെയ്ത നിരക്കിനെ SoR (2018)+10%, SoR (2021)+10% എന്നിവയുമായി താരതമ്യം ചെയ്ത സ്റ്റേറ്റ്മെന്റും ഉൾപ്പെടുത്തി മന്ത്രിസഭാ കുറിപ്പ് പരിഷ്കരിക്കാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. പ്രസ്തുത ഭരണാനുമതി തുക പ്രകാരമുള്ള പ്രവൃത്തികൾ 5 പാക്കേജുകളായി ക്രമീകരിച്ചിട്ടുണ്ടെന്നും, അതിൽ ഒന്നുമാത്രമാണ് ഈ പ്രവൃത്തിയെന്നും, ഇതുവരെ എല്ലാ പാക്കേജുകൾക്കുമായി 186.47 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ടെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി. ക്വാട്ടഡ് തുകയെ SoR (2018)+10%, SoR (2021)+10% എന്നിവയുമായി താരതമ്യം ചെയ്ത സ്റ്റേറ്റ്മെന്റും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

15. DSoR 2018, DSoR-2021 എന്നിവയുടെ അടിസ്ഥാനത്തിൽ ക്വാട്ട് ചെയ്ത തുകയെ ടെണ്ടർ നിരക്കുകളുമായി താരതമ്യം ചെയ്തുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് താഴെ ചേർക്കുന്നു:

| **Quoted Amount - Rs. 33,97,79,364.59/-** | | |
|---|---|---|
| **As per DsoR 2018** | Amount | Negotiated Amount Percentage Above or Below |
| Tendered PAC | Rs. 26,48,26,128/- (TPAC) | **28.30% Above** |
| Current SoR (2018)+10% amount | Rs. 29,13,08,740.32/- | **16.64% Above** |
| Local Market Rate (LMR) | Rs. 29,93,97,286.36/- | **13.48% Above** |

| **As per DsoR 2021** | Amount | Quoted Amount Percentage Above or Below |
|---|---|---|
| Estimate PAC | Rs. 28,63,47,591.46/- | **18.65 % Above** |
| SoR (2021)+10% amount | Rs. 31,49,82,350.61/- | **7.87 % Above** |

16. മേൽ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി കരട് മന്ത്രിസഭാ കുറിപ്പ് അംഗീകാരത്തിനായി പുനഃസമർപ്പിച്ചപ്പോൾ, ജലജീവൻ മിഷൻ പീരിയഡ് ദീർഘിപ്പിക്കുന്നതിലെ നിലവിലെ അവസ്ഥ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ഉൾപ്പെടുത്തി മന്ത്രിസഭാ കുറിപ്പ് അടിയന്തരമായി പുതുക്കി സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

17. ആയതു സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ ചേർക്കുന്നു:

"Administrative Department is informed that further consideration of the proposal may be taken up only after Government of India formally communicates the extension of the Jal Jeevan Mission period and issues revised operational guidelines"

18. മേൽ വസ്തുതകൾ കൂടി ഉൾപ്പെടുത്തി കരട് മന്ത്രിസഭാ കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ, **"ജൽജീവൻ മിഷൻ പീരീഡ് ദീർഘിപ്പിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രവൃത്തി അംഗീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണോ?"** എന്നത് കൂടി ഉൾപ്പെടുത്തി പുനഃസമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

A) "JJM-WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths & Chengannur Municipality - Pandanad Panchayath- Supplying and laying Clear Water Gravity main from Puliyoor block Jn. to Pandanad OHSR 250mm DI K9- 4600m Construction of 8.00LL OHSR (R9) at Pandanad And Supplying and Laying Distribution system Pandanad Panchayath Zone 12 - Pipeline Work" എന്ന പ്രവൃത്തിയ്ക്ക് "Sri. Joseph John, Monipillil House, Avoli. P.O, Anicadu, Muvattupuzha, Ernakulam" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 28.30%

അധികരിച്ച തുകയായ 33,97,79,364.59/- രൂപയ്ക്ക് (മുപ്പത്തിമൂന്ന് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരത്തി മുന്നൂറ്റി അറുപത്തിനാല് രൂപ അമ്പത്തിയൊമ്പത് പൈസ മാത്രം) അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകാമോ;

OR

B) ജൽജീവൻ മിഷൻ പീരീഡ് ദീർഘിപ്പിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രവൃത്തി അംഗീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണോ?